"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ.വകുപ്പ്- തൃശ്ശൂർ - വടക്കാഞ്ചേരി നഗരസഭ കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരന് നൽകുവാനുള്ള അധികരിച്ച തുക തനത് ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.60/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/01/2020**

---

പരാമർശം:- 1 2/3/2019ലെ സ.ഉ.(സാധാ)500/2019/തസ്വഭവ ഉത്തരവ്.

2 വടക്കാഞ്ചേരി നഗരസഭയുടെ 24/06/2019 ലെ 15-ാം നമ്പർ കൗൺസിൽ തീരുമാനം.

3 വടക്കാഞ്ചേരി നഗരസഭ സെക്രട്ടറിയുടെ 02/07/2019 ലെ G5-(PW1)3324/19 നമ്പർ കത്ത്.

4 നഗരകാര്യ ഡയറക്ടറുടെ 18/07/2019,16/10/2019 തീയതികളിലെ ഡി.സി4-15220/2019 നമ്പർ കത്തുകൾ.

**ഉത്തരവ്**

വടക്കാഞ്ചേരി നഗരസഭയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 11/04/2019 മുതൽ 12/06/2019 വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ 22,44,648/- രൂപ ചെലവായിട്ടുണ്ട്. പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ അനുവദനീയമായ 16.50 ലക്ഷം രൂപയിൽ അധികരിച്ച 5,94,648/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് പ്രത്യേക അനുമതി സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിന് പരാമർശം (2) പ്രകാരമുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ കാര്യം വിശദമായി പരിശോധിച്ചു. വടക്കാഞ്ചേരി നഗരസഭയിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 11/04/2019 മുതൽ 12/06/2019 വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ സർക്കാർ ഉത്തരവിനും അധികമായി ചെലവഴിച്ച 5,94,648/-രൂപ ( അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി അറുന്നൂറ്റി നാൽപത്തിയെട്ട് രൂപ മാത്രം ) നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ

സെക്രട്ടറി, വടക്കാഞ്ചേരി നഗരസഭ

ഡയറക്ടർ,സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, എെ.കെ.എം.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ